# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 539

01.12.2015-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം തലത്തിൽ അന്വേഷണം നടന്നിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിച്ച് ബാങ്കിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ മുൻ സെക്രട്ടറി ശ്രീ. എം.ജി. വിജയകുമാർ ബഹു. ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതാണ്. കൂടാതെ സഹകരണ നിയമം വകുപ്പ് 65 അന്വേഷണ ത്തിൽ കണ്ടെത്താതിരുന്ന ക്രമക്കേടുകൾ കൂടി കണ്ടെത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാ നത്തിൽ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന |

ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെയും അവരുടെ വ്യക്തിഗത ബാദ്ധ്യതകളും തിട്ടപ്പെടുത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടത്തുന്നതിന് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണവും നടന്നുവരുന്നു.

ബാങ്കിലെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച 4 സ്പെഷ്യൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 913/2013 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നിക്ഷേപകരിൽ നിന്നും ലഭിച്ച പരാതിയിന്മേൽ വിജിലൻസ് സത്വരാന്വേഷണം നടത്തുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം കേസ് ത്വരിതപ്പെടുത്തു ന്നതിനായി കൊട്ടാരക്കര സി.ഐ.ക്ക് നിർദ്ദേശം നൽകുവാനും ഉത്തരവാദപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും കേരള സഹകരണ നിയമപ്രകാരം ബാദ്ധ്യതകൾ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന് നിർദ്ദേശം നൽകുന്നതിനും,

| | | | |
|---|---|---|---|
| | | | നിക്ഷേപകരുടെ നിക്ഷേപങ്ങൾ തിരിച്ച് നൽകാനുള്ള നടപടി എടുക്കാൻ കേരള സഹകരണ നിയമപ്രകാരം പ്രസ്തുത ബാങ്കിനോട് നടപടി എടുക്കാനും ശുപാർശ ചെയ്തിരുന്നു.<br><br>എന്നാൽ പ്രസ്തുത കേസന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കുന്നതിന് ഉത്തര വായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് (Ministry of Personnel, Public Grievances & Pensions) ആഭ്യന്തരവകുപ്പ് 06.10.2015-ൽ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിക്ഷേപകർക്ക് പണം നൽകു ന്നതിന് സഹകരണവകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) | കുടിശ്ശികയായ വായ്പകളിൽ 2.51 കോടി രൂപയുള്ള 383 ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന 14 ഇ.പി കേസുകളിൽ 4 എണ്ണത്തിൽ നടപടികൾ പൂർത്തീകരിച്ച് ജപ്തി ചെയ്തിട്ടുണ്ട്. ബാക്കി 10 എണ്ണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു. പുതിയതായി 50 ഇ.പി കേസുകൾ കൂടി ഫയൽ ചെയ്ത് ആയതിന്മേലും നിയമാനുസൃത നടപടികൾ പുരോഗമിച്ച് വരുന്നു. കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക തുക ഈടാക്കിയെടുത്ത് നിക്ഷേപകർക്ക് നൽകു വാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കുടിശ്ശിക ആയ എല്ലാ തുകയ്ക്കും ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

(സി) കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ നിക്ഷേപകർക്ക് എത്ര തുക തിരിച്ചു നൽകിയിട്ടുണ്ട്;

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ 18.2 ലക്ഷം രൂപ നിക്ഷേപകർക്ക് തിരിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാങ്കിലേക്ക് അടയ്ക്കാനുള്ള തുക കുടിശ്ശിക വരുത്തിയവരിൽ നിന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര തുക ഈടാക്കിയെടുത്തിട്ടുണ്ട്;

(ഡി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ കുടിശ്ശികക്കാരിൽ നിന്നും 61.5 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്.

(ഇ) നിക്ഷേപകർക്ക് നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഇ) കുടിശ്ശികക്കാരുടെ പേരിൽ ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും, ക്രമക്കേടുകൾ മൂലം ബാങ്കിനുണ്ടായ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും സർചാർജ്ജ് ഉത്തരവ് പ്രകാരമുള്ള തുകകൾ ഈടാക്കിയും നിക്ഷേപകർക്ക് തുക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ബാങ്ക് പുനരുദ്ധരിക്കുന്നത് സംബന്ധിച്ചും മറ്റൊരു പ്രാഥമിക സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിനെ സംബന്ധിച്ചും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഐ.സി.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്